**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 859** **11.07.2016 ൽ മറുപടിയ്ക്ക്**

## ഹയർസെക്കന്ററി തുല്യതാ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **പ്രൊഫ. സി. രവീന്ദ്രനാഥ്** **(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ച ഹയർസെക്കന്ററി തുല്യതാ കോഴ്സിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ;

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2015 -ൽ ആരംഭിച്ച ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 214 ഹയർ സെക്കന്ററി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും വച്ച് വളരെ കാര്യക്ഷമമായിട്ടാണ് സമ്പർക്കപഠന ക്ലാസ്സുകൾ നടത്തിവരുന്നത്. 18.04.2013 ലെ സ.ഉ (കൈ) 138/2013/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ഹ്യുമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിലായി, ആദ്യ ബാച്ചിൽ 19,708 പഠിതാക്കൾ രജിസ്റ്റർ ചെയ്ത് പഠനം വിജയകരമായി പൂർത്തിയാക്കി വരുന്നു. ഈ കോഴ്സിൽ സമ്പർക്ക പഠനക്ലാസ്സുകൾ നയിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും ബി.എഡും സെറ്റും അടിസ്ഥാന യോഗ്യത നേടിയിട്ടുള്ള അധ്യാപകരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കോഴ്സിന്റെ സ്വഭാവവും സമയക്രമവും ഔപചാരിക വിദ്യാഭ്യാസ രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇതിന്റെ പൊതു പരീക്ഷ നടത്തുന്നതിനുള്ള പൂർണ്ണ ചുമതല സംസ്ഥാന ഹയർ സെക്കന്ററി ഡയറക്ടറേറ്റാണ് നിർവ്വഹിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | മറ്റു കോഴ്സുകൾ പോലെ ആകർഷക മല്ലാത്ത ഹയർ സെക്കണ്ടറി കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അന്യസംസ്ഥാന തുല്യതാ കോഴ്സു കൾ, ദേശീയ സാക്ഷരതാ മിഷന്റെ കോഴ്സുകൾ എന്നിവയെപ്പോലെ ഈ കോഴ്സിന്റെയും കാലദൈർഘ്യം ആറു മാസമോ, ഒരു വർഷമോ ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഹയർ സെക്കന്ററി തുല്യതാ കോഴ്സിന്റെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഔപചാരിക എസ്.എസ്.എൽ.സി പാസ്സായശേഷം പഠനം തുടരാൻ കഴിയാത്തവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ, വിദ്യാഭ്യാസ ത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്തവർ തുടങ്ങിയവരാണ്. ഔപചാരിക ഹയർ സെക്കന്ററി കോഴ്സിന് സമാനമായ സർട്ടി ഫിക്കറ്റാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് മുഖേന നൽകുന്നത് എന്നതിനാൽ ഈ കോഴ്സിന്റെ കാല ദൈർഘ്യം കുറയ്ക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ